"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.റവ-പി1/117/2021-റവ
റവന്യൂ (പി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23/07/2021

<u>സർക്കുലർ</u>

വിഷയം:- 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി വരുത്തി വിജ്ഞാപനം ചെയ്ത SRO 369/2021-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ലാൻഡ് റവന്യൂ കമ്മീഷണറുടെ 28.04.2021 തീയതിയായുള്ള എൽ.ആർ(എ)4 16068/2019 നം.റിപ്പോർട്ട്
2) ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01.07.2021-ന ചേർന്ന യോഗം.

*********************

25.02.2021-ലെ സ.ഉ (സാധാ) നം.1166/2021/റവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം ചെയ്ത SRO 369/2021-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് സൂചന (1) ലൂടെ ആവശ്യപ്പെട്ട സ്പഷ്ടീകരണത്തിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി സൂചന (2) പ്രകാരം ചേർന്ന യോഗതീരുമാനപ്രകാരം, ചുവടെ ചേർത്തിട്ടുള്ള സ്പഷ്ടീകരണങ്ങൾ പുറപ്പെടുവിക്കുന്നു.

- 25.02.2021-നോ അതിനു ശേഷമോ സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ മാത്രം ചട്ടത്തിൽ വരുത്തിയ ഭേദഗതി പ്രകാരമുള്ള ഫീസിളവ് ബാധകമാക്കിയാൽ മതി.
- 25.02.2021-ന് മുമ്പ് സമർപ്പിച്ച അപേക്ഷകൾ പിൻവലിച്ച് പുതിയ അപേക്ഷ സമർപ്പിക്കാൻ അനുവദിക്കേണ്ടതില്ല.
- അപേക്ഷാ വസ്തു സംബന്ധിച്ച വില്ലേജ് രേഖകളിലുള്ള വിസ്തീർണ്ണമാണ് കണക്കിലെടുക്കേണ്ടത്.
- 30.12.2017-ന് 25 സെന്റിൽ അധികരിക്കാതെ വിസ്തീർണ്ണമുള്ള ഭൂമിയായി നിലകൊള്ളുന്ന അപേക്ഷാ വസ്തുവിന് മാത്രമേ, SRO 369/2021-ന്റെ അടിസ്ഥാനത്തിലുള്ള സൗജന്യ തരം മാറ്റം അനുവദിക്കേണ്ടതുള്ളൂ.
- ഒരേ വ്യക്തിയുടെ പേരിൽ 30.12.2017 തീയതി പ്രകാരം ഒരേ സർവ്വേ നമ്പറിലായോ അല്ലാതെയോ ഒന്നായി കിടക്കുന്ന വ്യത്യസ്ത ആധാരപ്രകാരമുള്ള ഭൂമികൾക്കായുള്ള അപേക്ഷ ഒറ്റ അപേക്ഷയായോ പ്രത്യേക അപേക്ഷകളായോ പരിഗണിക്കാവുന്നതാണ്. എന്നാൽ ആകെ വിസ്തീർണ്ണം 25 സെന്റിൽ അധികരിക്കുന്ന സംഗതികളിൽ സൗജന്യം അനുവദിക്കാവുന്നതല്ല. കൂടാതെ മേൽപ്രകാരം സൗജന്യ നിരക്കിൽ സ്വഭാവവ്യതിയാനത്തിനു അനുമതി ലഭിക്കുന്ന ആകെ വിസ്തീർണ്ണം 25 സെന്റിൽ അധികരിക്കുന്നില്ല എന്നത് സംബന്ധിച്ചുള്ള സത്യവാങ്മൂലം കൂടി അപേക്ഷയോടൊപ്പം എഴുതി വാങ്ങേണ്ടതാണ്.
- ചട്ടങ്ങളിൽ നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം തന്നെ, ഭൂമിയുടെ സ്വഭാവ വ്യതിയാനം

